# APPLICATION UNDER RIGHT TO INFORMATION ACT-2005

To

The State Public Information Officer
Trivandrum Corporation
Corporation Office
Palayam
Trivandrum

സർ,

തിരുവനന്തപുരം നഗരസഭയിലെ പൗണ്ട്കടവ് വാർഡിൽ ഉൾപ്പെട്ട മേടനട-പൗണ്ട്കവ് ശിവക്ഷേത്രം റോഡിനെ സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ വിവരാവകാശ നിയമം 2005 പ്രകാരം നൽകണമെന്നഭ്യർത്ഥിക്കുന്നു. അപേക്ഷാഫീസായി 10 രൂപയുടെ കോർട്ട്ഫീസ് സ്റ്റാമ്പ് പതിച്ചിട്ടുണ്ട്.

1. മേടനട-പൗണ്ട്കവ് ശിവക്ഷേത്രം റോഡ് പൊളിഞ്ഞ് തകർന്ന് വർഷങ്ങളായി ഗതാഗതയോഗ്യമല്ലാതായ വിവരം നഗരസഭയ്ക്ക് അറിയാമോ? ഈ വിവരം വാർഡ് കൗൺസിലർ നഗരസഭാ കൗൺസിലിനെ അറിയിച്ചിട്ടുണ്ടോ?
2. ഈ റോഡ് ഇപ്പോൾ നഗരസഭയുടെ കീഴിലാണോ? അതല്ല, പൊതുമരാമത്ത് വകുപ്പിന് / മറ്റേതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തി കൈമാറിയെന്ന് പറയുന്നത് ശരിയാണോ?
3. ഈ റോഡ് റിപ്പയർ ചെയ്ത് ടാർ ചെയ്യുന്നതിന് ഏത് കോൺട്രാക്ടർക്കാണ് കരാർ നൽകിയിരുന്നത്? ഏത് തീയതിയ്ക്കാണ് കരാർ നൽകിയത്?
4. ഈ പ്രവർത്തിയുടെ അടങ്കൽ തുക എത്രയാണ്? ഇതിനാവശ്യമായ മെറ്റീരിയൽ ഇറക്കിയിട്ട് പണിചെയ്തതായി കാണിച്ച് തുക പറ്റിയതായി പറയുന്നത് ശരിയാണോ? എങ്കിൽ എത്ര രൂപ വാങ്ങിയിട്ടുണ്ട്?
5. ഈ പ്രവർത്തി ചെയ്യുന്നതിന് എന്തുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്?
6. കാലതാമസം വരുത്തിയ, അല്ലെങ്കിൽ പണിചെയ്യാൻ തയ്യാറാകാത്ത കരാറുകാരനെതിരെ നഗരസഭ എന്ത് നടപടിയാണ് സ്വീകരിച്ചത്?
7. പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചില്ലെങ്കിൽ, നഗരസഭ എന്തുകൊണ്ടാണ് ഈ റോഡ് ഗതാഗതയോഗ്യമാക്കാൻ തയ്യാറാകാത്തത്?
8. പൊതുജനങ്ങളിൽ നിന്നും കൃത്യമായി കരം പിരിക്കുന്ന നഗരസഭയ്ക്ക് പൊതുജനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ബാദ്ധ്യതയില്ലേ?

മേൽപ്പറഞ്ഞ വിവരങ്ങൾ വിവരാവകാശ നിയമം 2005 പ്രകാരം അടിയന്തിരമായി നൽകണമെന്നഭ്യർത്ഥിക്കുന്നു.

കൈരളി നഗർ,
13.8.2012

സെക്രട്ടറി
കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ